പതിമൂന്നാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. ടി. 1230     8/02/2013 ൽ മറുപടിയ്ക്ക്

## കേരളത്തിൽ പുതിയ ജില്ലകൾ രൂപീകരിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി)** |
| (എ) പുതിയ ജില്ലരൂപീകരിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ ;<br>(ബി) സംസ്ഥാനത്ത് പുതിയ ജില്ലകൾ രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ;<br>(സി) ജനസംഖ്യാനുപാതികമായി സംസ്ഥാനത്ത് എത്ര ജില്ലകൾ കൂടി രൂപീകരിക്കാനുണ്ടാകുമെന്ന് അറിയിക്കാമോ :<br>(ഡി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ല വിഭജിച്ച് പുതിയ ജില്ല രൂപീകരിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ? | <u>(എ)യും(ബി) യും(സി) യും (ഡി) യും</u><br>പുതിയ ജില്ല രൂപീകരിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയോ പഠനം നടത്തുകയോ ചെയ്തിട്ടില്ല.റവന്യൂ ഭരണത്തിന്റെ അടിസ്ഥാന യൂണിറ്റായ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത ഏതാനും ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്ന വിഷയത്തിനാണ് ഇപ്പോൾ മുൻഗണന നൽകി വരുന്നത് .ആകയാൽ ജില്ലാ രൂപീകരണം പോലുള്ള മറ്റ് റവന്യൂ യൂണിറ്റുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**